"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തരവകുപ്പ് -പോലീസ് ജീവനക്കാര്യം- കേരള ആംഡ് വനിതാ പോലീസ് ബറ്റാലിയൻ പി.സി. 1475 ശ്രീമതി. ആതിര പി.ബി. ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.151/2026/HOME തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-

1. ശ്രീമതി ആതിര പി.ബി. പി സി 1475, (പെൻ 942346) 11/08/2025 തീയതിയിൽ സമർപ്പിച്ച അവധി അപേക്ഷ
2. സംസ്ഥാന പോലീസ് മേധാവിയുടെ 24/10/2025 തീയതിയിലെ എൽ5-206015/2025/പി.എച്ച്.ക്യൂ. നമ്പർ കത്ത്

**ഉത്തരവ്**

കേരള ആംഡ് വനിതാ പോലീസ് ബറ്റാലിയൻ പി.സി. 1475 ശ്രീമതി ആതിര പി ബി, (പെൻ 942346) യ്ക്ക് ടിയാളുടെ ഹൃദയ സംബന്ധമായ അസുഖമുള്ള കുഞ്ഞിനെ പരിചരിക്കുന്നതിനായി 01-11-2025 തീയതി മുതൽ 31-10-2026 വരെ ശൂന്യവേതനാവധിയ്ക്കായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം പ്രസ്തുത അവധി അപേക്ഷ ശിപാർശ ചെയ്ത് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപേക്ഷക 26-08-2023 തീയതി മുതൽ പോലീസ് കോൺസ്റ്റബിളായി സേവനം ആരംഭിക്കുകയും 16-12-2024 തീയതിയിൽ പരിവീക്ഷാ കാലാവധി വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ. ഭാഗം 1. ചട്ടം 88 (ii) പ്രകാരം, മൂന്ന് വർഷത്തെ തുടർച്ചയായ സേവനമില്ലാത്ത ഉദ്യോഗസ്ഥയ്ക്ക് ഒരു ഘട്ടത്തിൽ പരമാവധി 3 മാസം വരെ മാത്രമേ ശൂന്യവേതനാവധി അനുവദിക്കാനാവൂ. കേരള ആംഡ് വനിതാ പോലീസ് ബറ്റാലിയൻ പി.സി. 1475 ശ്രീമതി ആതിര പി ബി, (പെൻ 942346) യ്ക്ക് 01/11/2025 തീയതി മുതൽ 31/10/2026 വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ., ഭാഗം 1, ചട്ടം 88 (ii) ൽ ഇളവ് വരുത്തി, മെഡിക്കൽ

സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം
ശ്രീമതി ആതിര പി.ബി. (സംസ്ഥാന പോലീസ് മേധാവി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) & ഓഡിറ്റ്, കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ് (07/01/2025 തീയതിയിലെ എക്സ്പെ.എ1/208/2025/ധന നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sini George
സെക്ഷൻ ഓഫീസർ
Date: 13-01-2026 11:01:04